REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിൽ LDF ഉം UDFഉം പ്രകടന പത്രിക പുറത്തിറക്കിയതോടെ സംസ്ഥാനത്തെ പ്രചാരണത്തിന് വീണ്ടും ചൂടുപിടിച്ചു.**
- **എല്ലാവരുടെയും ആശങ്ക പരിഹരിച്ച ശേഷമേ വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതി പാർലമെന്റിൽ അവതരിപ്പിക്കൂവെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ.**
- **ജൂൺ 30 വരെ നിർണായക പെട്രോ-കെമിക്കൽ ഉത്പന്നങ്ങൾക്ക് കസ്റ്റംസ് തീരുവയിൽ ഇളവു നൽകുമെന്ന് കേന്ദ്രഗവൺമെന്റ്.**
- **പാർലമെന്റ് ബജറ്റ് സമ്മേളനം ഇന്ന് സമാപിക്കും.**
- **യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണ പുതുക്കി ഇന്ന് പെസഹ വ്യാഴം.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിൽ LDF ഉം UDFഉം പ്രകടന പത്രിക പുറത്തിറക്കിയതോടെ സംസ്ഥാനത്തെ പ്രചാരണത്തിന് വീണ്ടും ചൂടുപിടിച്ചു. പ്രചാരണം അവസാന ലാപ്പിൽ എത്തിയതോടെ ദേശീയ - പ്രാദേശിക നേതാക്കൾ ജനഹിതം അനുകൂലമാക്കാൻ സംസ്ഥാനത്ത് പര്യടനം തുടരുകയാണ്.

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് നാലരയ്ക്ക്  ഓഡിയോ ബ്രിഡ്ജിലൂടെ കേരളത്തിലെ നാല് ലക്ഷത്തോളം ആളുകളുമായി സംവദിക്കും. തിരഞ്ഞെടുത്ത ചോദ്യങ്ങൾക്ക് നരേന്ദ്രമോദി മറുപടി നൽകും. NDA യുടെ പ്രചാരണത്തിന് പ്രധാനമന്ത്രി  മറ്റന്നാൾ തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും.

കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി ഇന്ന് കണ്ണൂർ ജില്ലയിലും പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയിലും തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. ഉച്ചയോടെ കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം ധർമ്മടം  പിണറായിയിലും തലശ്ശേരിയിലും  റോഡ് ഷോയിൽ പങ്കെടുക്കും. ഉച്ചയ്ക്കുശേഷം  മാഹി വളവിൽ ബീച്ചിൽ കുടുംബ സംഗമത്തിലും  സുരേഷ് ഗോപി സംബന്ധിക്കും.

NDA പ്രചാരണത്തിന്റെ ഭാഗമായി കോഴിക്കോട്  പൂവാട്ടു പറമ്പിൽ യുത്ത് - മീറ്റ് യുവമോർച്ച നേതാവ് തേജസ്വി സൂര്യ ഉച്ചക്ക് ഉദ്ഘാടനം ചെയ്യും.

മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് കോഴിക്കോട് ബീച്ചിലെ LDF റാലിയിലും, ബേപ്പൂർ, കുന്നമംഗലം, നാദാപുരം എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് പരിപാടികളിലും പങ്കെടുക്കും. ബിഹാർ പ്രതിപക്ഷ നേതാവും, RJD ദേശീയ വർക്കിംഗ് പ്രസിഡണ്ട് തേജസ്വി യാദവ് ഇന്ന് ബേപ്പൂർ മണ്ഡലത്തിലെ പ്രചാരണ പരിപാടിയിൽ സംബന്ധിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കണ്ണൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി ഇന്ന് UDF  സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് തിരുവനന്തപുരത്തും കൊല്ലത്തുമെത്തും. രാവിലെ ചിറയൻകീഴിലാണ് പ്രിയങ്ക പങ്കെടുക്കുന്ന ആദ്യ യോഗം.  ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ശനിയാഴ്ച എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പ്രചാരണ പരിപാടികളിൽ പ്രസംഗിക്കും. കർണാടക മന്ത്രി സമീർ അഹമ്മദ്ഖാൻ, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ എന്നിവർ ഇന്ന് കണ്ണൂരിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തും.

✪✪✪

LDF പ്രകടനപത്രിക മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട്ട് പ്രകാശനം ചെയ്തു. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുമെന്നും ഏറ്റവും ദരിദ്രരായ അഞ്ച് ലക്ഷം കുടുംബങ്ങളെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുമെന്നും പ്രകടന പത്രിക ഉറപ്പു നൽകുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....വോയ്സ്...

മുതിർന്ന പൗരന്മാരുടെ പരിരക്ഷയിൽ സാമൂഹ്യ മാതൃക ലോകത്തിനു മുന്നിൽ സൃഷ്ടിക്കുകയെന്ന ദൗത്യം ഏറ്റെടുക്കുമെന്നതാണ് പത്രികയിലെ മറ്റൊരു വാഗ്ദാനം. കിടപ്പുരോഗികളുടെ അവകാശങ്ങൾ പ്രഖ്യാപിക്കുകയും അവ നടപ്പാക്കുന്നതിന് ജനകീയപരിപാടിക്ക് രൂപം നൽകുകയും ചെയ്യും. എല്ലാ ക്ഷേമ പെൻഷനുകളും പ്രതിമാസം 3000 രൂപയായി വർദ്ധിപ്പിക്കുമെന്നും LDF പ്രകടന പത്രിക വാഗ്ദാനം ചെയ്യുന്നുണ്ട്.

പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് ഉറപ്പാക്കും. നൈപുണി പരിശീലനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് "കണക്ട് ടു വർക്ക്" സ്കോളർഷിപ്പ് ലഭ്യമാക്കും. വിജ്ഞാന കേരളത്തിന്റെ ഭാഗമായി മെന്റർമാരുടെ സന്നദ്ധ സേന രൂപീകരിക്കും.

അഭ്യസ്ഥവിദ്യരുടെ സംരംഭങ്ങൾക്ക് പലിശര ഹിത വായ്പ ഉറപ്പാക്കുമെന്നും പ്രകടനപത്രികയിൽ പറയുന്നു. കോളെജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിന് ഹാക്കത്തോണുകളും ഇൻകുബേറ്ററുകളും സംഘടിപ്പിക്കും. വിദ്യാർത്ഥി പ്രതിഭകളെ ഗവണ്മെന്റ് പ്രൊജക്ടുകളിൽ പങ്കാളികളാക്കുന്നതിനും വിദ്യാലയങ്ങളിൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രത്യേക കമ്പനിക്കു രൂപം നൽകും. യുവജനങ്ങളുടെ പുതിയ സംരംഭങ്ങൾക്ക് പലിശരഹിത വായ്പ നൽകും.

സ്ത്രീകളിൽ 50 ശതമാനം പേർക്ക് ജോലി ഉറപ്പുവരുത്തും.ഇതിന് കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും നേതൃത്വം നൽകും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സാന്ത്വന പരിചരണം, സാങ്കേതിക സേവനങ്ങൾ, വാതിൽപ്പടി വിപണനം തുടങ്ങി സേവന സംരംഭശൃംഖലകളും സ്വയംതൊഴിൽ സംരംഭങ്ങളും ആരംഭിക്കും.അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് 'വർക്ക് നിയർ' ഹോമുകളിൽ ജോലിയെടുക്കാൻ അവസരം സൃഷ്ടിക്കും.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് മൃഗങ്ങൾക്ക് വെള്ളവും ഫലവൃക്ഷങ്ങളും വനത്തിനുള്ളിൽ ഉറപ്പുവരുത്തും. കാടിനു പുറത്ത് ജനവാസ മേഖലകളിലെ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ നടപടി ഊർജ്ജിതമാക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധികപണം അനുവദിച്ച് കാർഷിക നഷ്ടത്തിനും ജീവനാശത്തിനും ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തും തുടങ്ങിയ വാഗ്ദാനങ്ങളും പ്രകടനപത്രികയിൽ ഉണ്ട്.

✪✪✪

UDF പ്രകടനപത്രിക  തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി കൊച്ചിയിൽ പ്രകാശനം ചെയ്തു.  സാമൂഹ്യ സുരക്ഷ, തുല്യത, ക്ഷേമപദ്ധതികൾ, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, സ്ത്രീ ശാക്തീകരണം, ലഹരിമുക്തി, ഭവന നിർമ്മാണം, കൃഷി, എന്നിവയടക്കം രംഗങ്ങളിൽ നിരവധി പരിഷ്കരണ നിർദേശങ്ങളാണ് UDF പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.........

വയനാട്ടിൽ ട്രൈബൽ യൂണിവേഴ്സിറ്റി, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജോബ് വാച്ച് ടവർ, തീരമേഖലയിൽ മിഷൻ സമുദ്ര പദ്ധതി, എന്നിവ പ്രകടന പത്രികയിലെ വാഗ്ദാനങ്ങളാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ അവകാശമാക്കാൻ നടപടിയെടുക്കുമെന്നും ക്ഷേമപെൻഷൻ 3,000 രൂപയാക്കുമെന്നും പ്രകടന പത്രിക ഉറപ്പു നൽകുന്നു. ആശ്രയ പദ്ധതി പരിഷ്കരിച്ച് രണ്ടാം ഘട്ടമായി നവ ആശ്രയ ആരംഭിക്കും. വിശപ്പു രഹിത കേരളം ഉറപ്പാക്കാൻ ഇന്ദിര കാന്റീനുകൾ, മഞ്ഞ, പിങ്ക് റേഷൻ കാർഡ് ഉടമകൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക കർമ പദ്ധതികൾ, അർഹരായ എല്ലാവർക്കും മുൻഗണനാ റേഷൻ കാർഡുകൾ എന്നിവയും UDF വാഗ്ദാനങ്ങളാണ്.

KSRTC അടക്കം യാത്രാ ബസുകൾ, ഓട്ടോറിക്ഷകൾ, ഉടമസ്ഥർ ഓടിക്കുന്ന ടാക്സികൾ, എന്നിവയക്ക് ഇന്ധന സബ്സിഡി ലഭ്യമാക്കുമെന്നും, ആശാവർക്കർമാരുടെ കുറഞ്ഞ ദിവസ വേതനം 700 രൂപയാക്കുമെന്നും പ്രകടനപത്രികയിൽ പറയുന്നു.

ഗവൺമെന്റ് ആശുപത്രികളിൽ എത്തുന്ന എല്ലാ രോഗികൾക്കും കിടക്ക അവകാശമാക്കും. ഗവൺമെന്റ് ആശുപത്രികളിലെ അവശ്യ ഉപകരണങ്ങളുടെയും മരുന്നിന്റെയും സംഭരണത്തെ ബാധിക്കുന്ന ഇപ്പോഴത്തെ ചട്ടങ്ങളും മാനദണ്ഡങ്ങളും പരിഷ്കരിക്കുമെന്നും പത്രികയിൽ പറയുന്നു. ക്യാൻസർ മരുന്നുകൾക്ക് നികുതി പൂർണമായും ഒഴിവാക്കാൻ നടപടിയെടുക്കുമെന്നും വാഗ്ദാനമുണ്ട്. കോളജുകളിൽ ഓംബുഡ്സ്മാൻ സംവിധാനം നടപ്പാക്കുമെന്നതടക്കം വാഗ്ദാനങ്ങളും പ്രകടനപത്രിയിൽ ഉണ്ട്.

മനുഷ്യവാസ മേഖലകളിലെ വന്യമൃഗ ആക്രമണം തടയാൻ ആധുനിക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തും. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം പകുതി കൂടി വർദ്ധിപ്പിക്കുമെന്നും പ്രകടന പത്രികയിൽ പറയുന്നു.

✪✪✪

എല്ലാവരുടെയും ആശങ്ക പരിഹരിച്ച ശേഷമേ വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതി പാർലമെന്റിൽ അവതരിപ്പിക്കൂവെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. FCRA ഭേദഗതി ക്രൈസ്തവ സമൂഹത്തെ ബാധിക്കുമെന്ന കോൺഗ്രസ് പ്രചാരണം പച്ചക്കള്ളമാണെന്ന് അദ്ദേഹം പറഞ്ഞു. ദുഷ്പ്രചാരണം നടക്കുന്ന സമയത്ത് ബില്ല് പാസാക്കരുതെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. നിയമ ഭേദഗതിയിൽ ആശങ്കയുണ്ടെന്ന് സഭാനേതൃത്വം നേരത്തെ അറിയിച്ചിരുന്നതായും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

തെരഞ്ഞെടുപ്പ്നോടനുബന്ധിച്ച് പോലീസ്, എക്സൈസ് ഡിപ്പാർട്ട്മെന്റുകൾ സംസ്ഥാനത്ത് സംയുക്ത പരിശോധന ശക്തമാക്കി. ആയുധങ്ങൾ, ലഹരിവസ്തുക്കൾ, രേഖകളില്ലാതെ പണം എന്നിവ കൊണ്ടുപോകുന്നത് തടയുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശോധന.

✪✪✪

അവശ്യ സർവീസ് വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ വോട്ടിംഗ് കണ്ണൂർ ജില്ലയിൽ ആരംഭിച്ചു. മാധ്യമ പ്രവർത്തകർ ഉൾപ്പെടെ വോട്ടർമാർ പോസ്റ്റൽ വോട്ടിംഗ് സെന്ററിലാണ് വോട്ട് രേഖപ്പെടുത്തി തുടങ്ങിയത്. ജില്ലയിലെ 11 നിയമസഭ മണ്ഡലങ്ങളിലായി 21 കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

തെരഞ്ഞെടുപ്പ് ബോധവൽക്കണത്തിന് സ്വീപ്പും കാസർകോഡ്ജില്ലാ ശുചിത്വ മിഷനും 'റൈഡ് വിത്ത് ഡിസ്ട്രിക്ട് കലക്ടർ' സൈക്കിൾ റാലി നടത്തി. കലക്ടർ അർജുൻ പാണ്ഡ്യൻ നേതൃത്വം നൽകി. നിയമസഭാ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കാനും വോട്ടിംഗ് ശതമാനം ഉയർത്താനും സ്വീപ് ബോധവൽക്കരണത്തിന്റെ ഭാഗമായാണ് ജില്ലാ ശുചിത്വ മിഷൻ 'റൈഡ് വിത്ത് ഡിസ്ട്രിക്റ്റ് കലക്ടർ 'സൈക്കിൾ റാലിയും, 'ചേസ് ദി ഗ്രീൻ ട്രാക്കും സംഘടിപ്പിച്ചത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷവും ആഗോള വിതരണ ശൃംഖലയിലെ തടസ്സങ്ങളും കണക്കിലെടുത്ത് ഈ വർഷം ജൂൺ 30 വരെ നിർണായക പെട്രോ-കെമിക്കൽ ഉത്പന്നങ്ങൾക്ക് കസ്റ്റംസ് തീരുവയിൽ ഇളവു നൽകാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. ആഭ്യന്തര വ്യവസായങ്ങൾക്ക് പെട്രോ-കെമിക്കൽ ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാനാണ് ഇളവെന്ന് ധനമന്ത്രാലയം അറിയിച്ചു.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം ഇന്ന് സമാപിക്കും. ബജറ്റ് സമ്മേളനത്തിന്റെ മാർച്ച് എട്ടിന് ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ധനകാര്യ ബില്ലിനും, ധനവിനിയോഗ ബില്ലിനും പാർലമെന്റ് അംഗീകാരം നൽകി. പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇരുസഭകളിലും രാജ്യത്തിന്റെ നിലപാട് വ്യക്തമാക്കിയിരുന്നു.

✪✪✪

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണ പുതുക്കി ഇന്ന് പെസഹാ വ്യാഴം. ക്രൈസ്തവ ദേവാലയങ്ങളിൽ ഇന്ന് കാൽ കഴുകൽ ശുശ്രൂഷയും പ്രത്യേക പ്രാർത്ഥനകളും ഉണ്ടായിരിക്കും. ക്രിസ്തീയ ഭവനങ്ങളിൽ വൈകീട്ട് അപ്പം മുറിക്കൽ ചടങ്ങുകളുമുണ്ടാകും.

കുരിശുമരണത്തിന് മുൻപ് യേശുദേവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിന്റെയും, അവർക്കൊപ്പം അന്ത്യ അത്താഴം കഴിച്ചതിന്റെയും സ്മരണയിലാണ് ലോകത്തെ ക്രൈസ്ത വിശ്വാസികൾ പെസഹ ആചരിക്കുന്നത്.

ദുഃഖ വെള്ളി ദിനമായ നാളെ കുരിശു മരണത്തിന്റെ സ്മരണയിൽ ദേവാലയങ്ങളിൽ കുരിശിന്റെ വഴിയും പ്രത്യേക പ്രാർഥനകളും നടത്തും. ഉയർത്തെഴുന്നേൽപ്പിന്റെ സ്മരണ പുതുക്കി വിശ്വാസികൾ ഞായറാഴ്ച ഈസ്റ്റർ ആഘോഷിക്കും.

✪✪✪

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേല നാളെ ആഘോഷിക്കും. ഇന്ന് ദേശങ്ങളിൽ ആനച്ചമയ പ്രദർശനവും സാമ്പിൾ വെടിക്കെട്ടും നടക്കും.

✪✪✪

പൈങ്കുനി ഉത്രം ഉത്സവ ചടങ്ങുകൾ പൂർത്തിയാക്കി ശബരിമലയിൽ ഇന്നലെ രാത്രി 10-ന് നട അടച്ചു. വിഷു - മേടമാസ പൂജകൾക്ക് ഈ മാസം 10-ന് വീണ്ടും നട തുറക്കും.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവ ആറാട്ട് ഇന്ന്. വൈകീട്ട് അഞ്ചോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ വൈകീട്ട് 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും.

✪✪✪

ട്രെയിനിന് നേരെ ഉണ്ടായ കല്ലേറിൽ ഗുരുതരമായി പരിക്കേറ്റ് കോഴിക്കോട് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന പുറമേരി സ്വദേശി ഐശ്വര്യ രാമകൃഷ്ണനെ കേന്ദ്ര മന്ത്രി സുരേഷ് ഗോപി രാവിലെ സന്ദർശിച്ചു. ആലപ്പുഴ - കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്ര ചെയ്യുമ്പോൾ തിങ്കളാഴ്ച രാത്രിയാണ് കല്ലേറിൽ ഐശ്വര്യക്ക് പരിക്കേറ്റത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സാഫ് അണ്ടർ-20 പുരുഷ ഫുട്ബോൾ ഫൈനലിൽ നാളെ ഇന്ത്യ, ബംഗ്ലാദേശിനെ നേരിടും. ഭൂട്ടാനെ മറുപടിയില്ലാത്ത അഞ്ച് ഗോളിന് തകർത്താണ് ഇന്ത്യ, ഫൈനലിലെത്തിയത്.

✪✪✪

*News Editor വികെ സുരേഷ്*
*News Reader: മണികണ്ഠൻ*
*News Team:, അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്,*
*DEO : സി കെ സുബോധ്*